പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3272

24.06.2013-ൽ മറുപടിക്ക്.

## സംസ്ഥാനത്ത് ഗ്രാമ കോടതികൾ സ്ഥാപിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഗ്രാമ കോടതികൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ ; | : (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ; | : (ബി) ഗ്രാമന്യായാലയ ആക്ട് 2008-ന്റെ ആമുഖത്തിൽ പ്രസ്തുത ഗ്രാമന്യായാലയങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. സാധാരണ പൗരന്റെ സാമൂഹികമോ സാമ്പത്തികമോ അല്ലാതെയോ ഉള്ള ഏതെങ്കിലും പരാധീനതകൾക്കതീതമായി സമൂഹത്തിന്റെ താഴെത്തട്ടിൽ ഉള്ളവർക്കു വരെ ഏതെങ്കിലും തരത്തിലുള്ള നീതി നിഷേധിക്കപ്പെടാതെ നീതിന്യായ നിർവ്വഹണം സാധ്യമാക്കുക എന്നതാണ് ഗ്രാമന്യായാലയയുടെ ലക്ഷ്യം. സിവിൽ ക്രിമിനൽ കേസ്സുകൾ ലളിതമായ നടപടിക്രമങ്ങളിലൂടെ തീർപ്പാക്കുക എന്നതാണ് ആത്യന്തിക ലക്ഷ്യം. |
| (സി) കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് ഈ കോടതികൾ എത്രമാത്രം സഹായകരമാകും ; വിശദമാക്കുമോ ; | : (സി) ഗ്രാമന്യായാലയ ആക്ടിലെ സെക്ഷൻ 12, 13 പ്രകാരം സിവിൽ ക്രിമിനൽ വ്യവഹാരങ്ങൾക്കായുള്ള ഏറ്റവും താഴ്ന്ന കോടതികളായിട്ടായിരിക്കും ഗ്രാമന്യായാലയങ്ങൾ പ്രവർത്തിക്കുക. ആയതിനാൽ ടി സെക്ഷനുകളിൽ പ്രതിപാദിച്ചിരിക്കുന്ന അധികാരപരിധിയിലുള്ള കേസുകൾ തീർപ്പാക്കുന്നതിന് ഈ കോടതികൾ സഹായകരമാകും. |

(മറുപുറം)

(ഡി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന്റെ പ്രവർത്തനത്തിന് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

: (ഡി) ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നതിനായി 18 ലക്ഷം രൂപവരെയുള്ള അനാവർത്തന ചെലവുകൾ കേന്ദ്ര സർക്കാർ വഹിക്കുമെന്നറിയിച്ചിട്ടുണ്ട്. ഇതിൽ 10 ലക്ഷം രൂപ കോടതി നിർമ്മാണത്തിനും 5 ലക്ഷം രൂപ വാഹനത്തിനും 3 ലക്ഷം രൂപ ഓഫീസ് ഉപകരണങ്ങൾക്കുമായാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതുകൂടാതെ ആവർത്തന ചെലവുകളായി കണക്കാക്കപ്പെട്ടിട്ടുള്ള 6.4 ലക്ഷം രൂപ ആദ്യത്തെ മൂന്നുവർഷം സംസ്ഥാന സർക്കാരുമായി പങ്കുവയ്ക്കും എന്നും അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ